**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കൂത്തുപറമ്പ് നിയോജക മണ്ഡലം - പെരിങ്ങളം, കരിയാട്, പുളിയനമ്പ്രം കുടിവെള്ള പദ്ധതികൾ - ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ എം.എൽ.എ യുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2150/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 28/06/2017

---

പരാമർശം:-
1. ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ എം.എൽ. എ യുടെ 30/12/2016 ലെ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.05.2017 ലെ ഡി.ബി.5/2693/2017/സി.ഇ തസ്വഭവ നമ്പർ കത്ത്.
3. ധനകാര്യ വകുപ്പിന്റെ 21/06/2017 ലെ 991/NC-C3/2016/ Fin നമ്പർ ഫയൽ.

**ഉത്തരവ്**

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പെരിങ്ങളം, പാനൂർ, കരിയാട്, പുളിയനമ്പ്രം, പുത്തൂർ, വട്ടപ്പൊയിലുമ്മേൽ കുടിവെള്ള പദ്ധതിക്കായി എം.എൽ.എ യുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 150 ലക്ഷം രൂപ അനുവദിക്കണമെന്ന് ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ എം.എൽ.എ പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയും, പെരിങ്ങളം, കരിയാട്, പുളിയനമ്പ്രം പദ്ധതികൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിക്കുകയുമുണ്ടായി

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കൂത്തുപറമ്പ് നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹു.ആരോഗ്യ വകുപ്പുമന്ത്രി കെ.കെ.ശൈലജ ടീച്ചറുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും പ്രോജക്റ്റ് ഐ.ഡി. 2452 Puliyanambram Drinking Water Project (25 lakh), Kariyaad Drinking Water Project (25 lakh), Peringalam Drinking Water Project (25 lakh) എന്നീ പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ 75 ലക്ഷം രൂപ (എഴുപത്തിയഞ്ച് ലക്ഷം രൂപ) അനുവദിക്കുന്നതിനും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും 11.06.2012-ലെ നം.332/2012/ധന. സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് അനുവദിക്കുന്നതിനും, ടി പ്രവൃത്തിയിൽ നിർവ്വഹണം നടത്താൻ നിർദ്ദേശിച്ചിരിക്കുന്ന സ്രോതസ്സ്, പമ്പ് ഹൗസ്, റിസർവോയർ, ഡിസ്ട്രിബ്യൂഷൻ മെയിൻ എന്നിവ സ്വകാര്യ ഭൂമിയിലല്ല എന്നും ടി പദ്ധതികൾ ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും പ്രോജക്റ്റുകളുടെ തുടർ നടത്തിപ്പിനും മെയിന്റനൻസിനും ആവശ്യമായി വരുന്ന ആവർത്തന ചെലവുകൾ ബന്ധപ്പെട്ട ഗുണഭോക്തൃസമിതി വഹിക്കേണ്ടതാണെന്ന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനു മുമ്പ് ഉറപ്പ് വരുത്തേണ്ടതും അതോടൊപ്പം ലമ്പ്സം ഇനത്തിൽ വകയിരുത്തിയിരിക്കുന്ന ചെലവുകൾ യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടേണ്ടതും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമാകേണ്ടതുമാണ് എന്നുള്ള നിബന്ധനകൾക്കും വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ഇത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്റ്റ്സ് അണ്ടർ എൽ.എ.സി - എ.ഡി.എസ്(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സിനി.ജെ.ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി/ചെയർമാൻ, പാനൂർ മുനിസിപ്പാലിറ്റി
പ്രസിഡന്റ്/സെക്രട്ടറി, കരിയാട് ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ/എൽ.ബി.എ.&എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ